"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

വയോജന ക്ഷേമ വകുപ്പ് — സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടി — വയോജന ദുർബലതാ രജിസ്റ്റർ, കേരള കെയർ വർക്ക്ഫോഴ്സ് രജിസ്ട്രി, പ്രൊഡക്ടീവ് ഏജിംഗ് രജിസ്ട്രി, വയോജന ക്ഷേമ സേവനങ്ങളുടെ സർവീസ് കണക്ട് ഡയറക്ടറി എന്നിവ സംയോജിത പോർട്ടൽ മുഖേന നടപ്പിലാക്കുന്നതിനുള്ള പദ്ധതി — തത്വത്തിൽ അംഗീകാരം നൽകി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വയോജന ക്ഷേമ വകുപ്പ്**

സ.ഉ.(സാധാ) നം.13/2026/EWD തീയതി,തിരുവനന്തപുരം, 18-09-2026

---

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 12.09.2026-ലെ SJD-TVM/4/2021-PM നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി വയോജന മേഖലയുമായി ബന്ധപ്പെട്ട് വയോജന ദുർബലതാ രജിസ്ട്രി (Elderly Vulnerability Registry), കേരള പരിചരണ പ്രവർത്തക രജിസ്ട്രി (Kerala Care Workforce Registry), സജീവവും ഉൽപ്പാദനക്ഷമവുമായ വാർദ്ധക്യ രജിസ്ട്രി (Productive Ageing Registry), വയോജന ക്ഷേമ സേവനങ്ങളുടെ ഏകീകൃത സേവന ഡയറക്ടറി (Service Connect Directory for Elderly Welfare Services) എന്നീ നാല് ഘടകങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ (IKM) സാങ്കേതിക സഹകരണത്തോടെ സംയോജിത പോർട്ടൽ മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശപ്രകാരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ വയോജന സർവേയ്ക്കായി ആരംഭിച്ചിട്ടുള്ള പോർട്ടലിൽ മേൽപ്പറഞ്ഞ നാല് ഘടകങ്ങളും സംയോജിപ്പിച്ച് നടപ്പിലാക്കുന്നതിനാണ് പ്രൊപ്പോസലിൽ വിഭാവനം ചെയ്തിട്ടുള്ളത്.

1. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയോജന ദുർബലതാ രജിസ്ട്രി, കേരള പരിചരണ പ്രവർത്തക രജിസ്ട്രി, സജീവവും ഉൽപ്പാദനക്ഷമവുമായ വാർദ്ധക്യ രജിസ്ട്രി, വയോജന ക്ഷേമ സേവനങ്ങളുടെ ഏകീകൃത സേവന ഡയറക്ടറി എന്നീ നാല് ഘടകങ്ങളും നിലവിൽ ആരംഭിച്ചിട്ടുള്ള വയോജന സർവേ പോർട്ടലിൽ

സംയോജിപ്പിച്ച്, ഇൻഫർമേഷൻ കേരള മിഷന്റെ (IKM) സാങ്കേതിക സഹകരണത്തോടെ വയോജന ക്ഷേമ രജിസ്ട്രികൾക്കും സേവനബന്ധ ഡയറക്ടറിക്കുമായി സംയോജിത പോർട്ടൽ (**Integrated Portal for Elderly Welfare Registries and Service Connect Directory**) നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

2. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ ക്ലിയറൻസിനും നിലവിലുള്ള സർക്കാർ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നതിനും വിധേയമായി സാമൂഹ്യനീതി ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷനുമായി ഏകോപിപ്പിച്ച് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.രത്തൻ യു കേൽകർ ഐ എ എസ്
സെക്രട്ടറി

**പകർപ്പ്:**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by
Sajeeb A B
Date: 19-09-2026
14:43:43
സെക്ഷൻ ഓഫീസർ